(ബി) കേരള കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടിയുടെ ഭാഗമായി അക്കാദമിക്കുവേണ്ടി വിലയ്ക്കുവാങ്ങിയ 10 ഏക്കർ വസ്തുവിന് ചുറ്റുമതിൽ കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കവേ ടി വസ്തുവിന്റെ ഒരു ഭാഗത്ത് സ്റ്റീന്നിംഗ് മില്ലിന്റെ ഇഷ്ടികകൾ സംവിധാനങ്ങൾ ഉൾപ്പെടുന്നതിനാൽ ടി സ്ഥലം തിരികെ ലഭിച്ചില്ലെങ്കിൽ ആയത് സ്റ്റീന്നിംഗ് മില്ലിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നും, അതിനാൽ പ്രസ്തുത ഇലക്ട്രിക് സംവിധാനങ്ങൾ ഉൾപ്പെടുന്ന വസ്തു സ്റ്റീന്നിംഗ് മില്ലിന് തിരികെ നൽകണമെന്നും ഇതിന് പകരമായി അനുയോജ്യമായ വസ്തു നൽകാമെന്നും മിൽ അധികൃതർ അറിയിച്ചതിനെ തുടർന്ന് നൽകേണ്ട ഭൂമിയും ഏറ്റെടുക്കേണ്ട ഭൂമിയും 21-7-2012-ൽ അളന്ന് തിട്ടപ്പെടുത്തുകയുണ്ടായി. ഇപ്രകാരം മില്ലിന് നൽകുന്ന 6.48 ആർ (16 സെന്റ്) സ്ഥലത്തിന് പകരം ദേശീയപാതയോടുചേർന്നുള്ള വസ്തു കൺസ്ട്രക്ഷൻ അക്കാദമിക്കായി ഏറ്റെടുക്കുന്നതിന് 20-12-2012-ൽ ധാരണാപത്രം ഒപ്പിട്ടു. കൂടാതെ ഇപ്രകാരം കൈമാറ്റം ചെയ്യുന്ന 16 സെന്റ് വസ്തു അളന്നുതിരിച്ച് സർവ്വേക്കല്ല് സ്ഥാപിക്കുകയും പരസ്പര മാറ്റാധാരം രജിസ്റ്റർ ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും ഇളവ് ലഭ്യമാക്കുന്നതിനായും ടി വസ്തുവിന് പി.ഡബ്ല്യു.ഡി. മുഖേന ഡെപ്പോസിറ്റ് വർക്കായി പുറമതിൽ കെട്ടുന്നതിന് ഭരണാനുമതിക്കായും നടപടി സ്വീകരിച്ചുവരികയുമാണ്.

(സി) കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് ചാത്തന്നൂരിൽ വിലയ്ക്കുവാങ്ങിയ 10 ഏക്കർ സ്ഥലത്ത് ബോർഡിന്റെ കീഴിൽ നടപ്പാക്കുവാൻ ഉദ്ദേശിച്ചിരുന്ന കേരള കൺസ്ട്രക്ഷൻ അക്കാദമി എന്ന ആശയത്തേക്കാൾ സാങ്കേതിക നിപുണതയും വിദഗ്ധ പരിശീലനവും നൽകുക്കുക വിധത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ധ്യ കേന്ദ്രം ആരംഭിക്കുന്ന വിഷയം പരിഗണനയിലാണ്.

തൊഴിൽ വകുപ്പ് മുഖേന നൽകുന്ന പെൻഷൻ

251 (952) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

തൊഴിൽ വകുപ്പ് മുഖേന നൽകുന്ന ക്ഷേമനിധി പെൻഷനുകളിൽ ഇപ്പോൾ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് പെൻഷൻ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

കർഷകത്തൊഴിലാളി പെൻഷൻ, അസംഘടിതത്തൊഴിലാളി പെൻഷൻ, മരം കയറ്റത്തൊഴിലാളി പെൻഷൻ എന്നിവയാണ് തൊഴിൽ വകുപ്പ് നേരിട്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിതരണം നടത്തുന്ന പെൻഷനുകൾ. 2015 ഡിസംബർ വരെയുള്ള കർഷകത്തൊഴിലാളി പെൻഷൻ പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് വിതരണത്തിനായി നിക്ഷേപിച്ചിട്ടുണ്ട്. 2015 മാർച്ച് വരെയുള്ള അസംഘടിതത്തൊഴിലാളി പെൻഷൻ ജില്ലാ ലേബർ ഓഫീസർമാർക്ക് വിതരണത്തിനായി നൽകിയിട്ടുണ്ട്. 2015 എപ്രിൽ മുതൽ നാളിതുവരെയുള്ള അസംഘടിതത്തൊഴിലാളി പെൻഷൻ കുടിശ്ശികയാണ്. 2015 സെപ്റ്റംബർ വരെയുള്ള മരംകയറ്റത്തൊഴിലാളി പെൻഷൻ വിതരണം ചെയ്തിട്ടുള്ളതും അവശേഷിക്കുന്ന പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുള്ളതും വിതരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

മൈക്രോ ഫിനാൻസ് പദ്ധതി-വായ്പ

252 (953) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എൻ.ഡി.പി.-യുടെ മൈക്രോ ഫിനാൻസ് പദ്ധതി മുഖേന വിതരണം ചെയ്യുന്നതിനായി പിന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ വഴി എത്ര കോടി രൂപയാണ് വായ്പയെടുത്തിട്ടുള്ളതെന്നും ഈ വായ്പകൾക്കായി ആരൊക്കെയാണ് ഗാരന്റി നിന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) പിന്നോക്ക സമുദായ ക്ഷേമ വകുപ്പിൽനിന്നും എത്ര ശതമാനം പലിശയ്ക്ക് വിതരണം ചെയ്യുവാനാണ് പണം അനുവദിച്ചിട്ടുള്ളതെന്നും. അനുവദിയ്ക്കപ്പെട്ടതിൽ കൂടുതൽ പലിശ മൈക്രോ ഫിനാൻസ് വഴി ശേഖരിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) പിന്നോക്ക സമുദായ കോർപ്പറേഷൻ വഴി വിതരണത്തിന് അനുവദിച്ച ഇക സംബന്ധിച്ച് ക്രമവിരുദ്ധമായ നടപടികൾ ഉണ്ടായതായി പരാതി ഉണ്ടായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 15,85,00,000 രൂപ. പദ്ധതി മാർഗ്ഗരേഖ പ്രകാരം സംഘടനയുടെ Net worth-ന്റെ (അറ്റ ആസ്തി) അടിസ്ഥാനത്തിലാണ് ഈ വായ്പകൾ നല്കിയിട്ടുള്ളത്.

(ബി) 31-3-2003-ന് നൽകിയ 50 ലക്ഷം രൂപയും 10-6-2004-ന് നൽകിയ 50 ലക്ഷം രൂപയും SNDP യോഗത്തിന് നൽകിയിരുന്നത് 5 ശതമാനം പലിശയ്ക്കാണ്. SNDP യോഗം സ്വയം സഹായസംഘത്തിന് നല്കുന്നത് 8% പലിശയ്ക്കാണ്.